# P.S.C. മുൻ വർഷ ചോദ്യപേപ്പർ
# കേരളസർക്കാർ വിവിധ വകുപ്പുകൾ
## എൽ.ഡി.ക്ലാർക്ക് (കണ്ണൂർ)

1. അഞ്ചു കുട്ടികൾ A, B, C, D, E ഒരു ബെഞ്ചിൽ ഇരിക്കുന്നു. A, B യുടെ ഇടത്തും C യുടെ വലത്തുമാണ്. D, B യുടെ വലത്തും എന്നാൽ E യുടെ ഇടത്തുമാണ് മധ്യത്തിൽ ഇരിക്കുന്നതാരാണ് ?
   (a) C (b) D (c) B (d) E
2. 64 ചെറിയ ക്യൂബുകൾ അടുക്കി വലിയ ക്യൂബാക്കി വെച്ചിരിക്കുന്നു. വലിയ ക്യൂബിന്റെ ആറ് വശവും പെയിന്റടിക്കുന്നു. ഒട്ടും പെയിന്റാകാത്ത ക്യൂബുകളുടെ എണ്ണം എത്ര ?
   (a) 1 (b) 2 (c) 8 (d) 4
3. P, Q വിന്റെ സഹോദരനാണ്. R, P യുടെ സഹോദരിയാണ്. S, R ന്റെ പുത്രനാണ്. P യ്ക്ക് S നോടുള്ള ബന്ധം ?
   (a) പുത്രൻ (b) അനന്തരവൻ (c) സഹോദരൻ (d) അച്ഛൻ
4. ഒരു ക്ലാസ്സിലെ 45 കുട്ടികളെ ഒരുവരിയിൽ ക്രമപ്പെടുത്തി നിറുത്തിയപ്പോൾ രാമു ഇടത്തുനിന്നും പത്തൊമ്പതാമതും ബാലു വലത്തുനിന്നും മുപ്പത്തൊന്നാമതുമാണ്. അവരുടെ ഇടയ്ക്കുള്ള കുട്ടികളുടെ എണ്ണം എത്ര ?
   (a) 3 (b) 4 (c) 5 (d) 12
5. ഒളിമ്പിക് ദീപം സൂചിപ്പിക്കുന്നത് എന്തിനെയാണ് ?
   (a) മാനവജാതിയുടെ നല്ല ഗുണങ്ങളെ
   (b) കളികളുടെ കീർത്തി ലോകമെങ്ങും പരക്കുന്നതിനെ
   (c) സ്നേഹത്തിനെയും കൂട്ടുകെട്ടിനെയും
   (d) പഴയതും പുതിയതുമായ കളികളുടെ നൈരന്തര്യത്തെ (continuity)

6 മുതൽ 8 വരെയുള്ള ശ്രേണികളിൽ വിട്ടുപോയ ഭാഗത്തിന് യോജിച്ച പദം കൊടുത്തിരിക്കുന്നവയിൽനിന്ന് തെരഞ്ഞെടുക്കുക :

6. 13, 17, 19, 23, 25, ................
   (a) 29 (b) 27 (c) 26 (d) 28
7. 1, 5, 13, 25, 41, ..................
   (a) 57 (b) 51 (c) 61 (d) 67
8. 3, 6, 9, 18, 27, 54, ..............
   (a) 81 (b) 69 (c) 63 (d) 57

9, 10 ചോദ്യങ്ങളിൽ കൊടുത്തിരിക്കുന്ന ജോടി പദങ്ങൾക്കുള്ള ബന്ധംപോലെ മൂന്നാമത്തെ പദത്തിനു യോജിക്കുന്ന പദം തെരഞ്ഞെടുത്തെഴുതുക ?

9. കസേര : തടി : : പാവാട : ..................
   (a) ഉടുപ്പ് (b) തുണി (c) ബ്ലൗസ് (d) വസ്ത്രം
10. യുദ്ധം : പട്ടാളക്കാരൻ : : നാടകം : ..................
    (a) എഴുത്തുകാരൻ (b) നാടകശാല
    (c) സംവിധായകൻ (d) അഭിനേതാവ്
11. ഇന്ത്യാ ചരിത്രത്തിലെ മറക്കാൻ പാടില്ലാത്ത ദിവസമാണ് ജനുവരി 30, എന്തുകൊണ്ട് ?
    (a) ഇന്ദിരഗാന്ധി കൊല്ലപ്പെട്ട ദിവസം
    (b) രാജീവ്ഗാന്ധി കൊല്ലപ്പെട്ട ദിവസം
    (c) ജവാഹർലാൽ നെഹ്റു മരിച്ച ദിവസം
    (d) മഹാത്മാഗാന്ധി കൊല്ലപ്പെട്ട ദിവസം
12. 980 നെ ഏറ്റവും ചെറിയ ഏതു സംഖ്യകൊണ്ട് ഗുണിച്ചാൽ അതൊരു പൂർണ വർഗമാകും ?
    (a) 4 (b) 5 (c) 7 (d) 10
13. ലഘൂകരിക്കുക

    $2\frac{1}{2}+3\frac{1}{4}+1\frac{1}{8}+3\frac{7}{8}+\frac{3}{4}=?$

    (a) 12 (b) $11\frac{1}{2}$ (c) $11\ \frac{3}{4}$ (d) 11
14. $\frac{\sqrt{0.0196}}{0.2}=?$
    (a) 0.7 (b) 7 (c) 0.07 (d) 0.007
15. $7.83\times7.83+7.83\times4.34+2.17\times2.17=$

(a) $4.34^2$ (b) $7.83^2$ (c) $10^2$ (d) $5.66^2$

16, 17 ചോദ്യങ്ങളിൽ അഞ്ചു പദങ്ങൾ തന്നിട്ടുണ്ട്. അതിൽ ഒന്ന് മറ്റൊന്നിനോട് യോജിക്കാതെ മാറിനിൽക്കുന്നു. ആ പദം കണ്ടുപിടിക്കുക. ?

16 ഓറഞ്ച് ; ആപ്പിൾ ; കാരറ്റ് ; മുന്തിരിങ്ങ ; നാരങ്ങ :

(a) ആപ്പിൾ (b) കാരറ്റ് (c) മുന്തിരിങ്ങ (d) ഓറഞ്ച്

17. ഏണിപ്പടികൾ : കയർ : രണ്ടിടങ്ങഴി : ചെമ്മീൻ : ബാല്യകാലസഖി :

(a) കയർ
(b) ഏണിപ്പടികൾ
(c) ചെമ്മീൻ
(d) ബാല്യകാലസഖി

18. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു ജോടി നമ്പറുകളാണ് ഒരുപോലെയുള്ളത് ?

(1) 638594 - 638594
(2) 735227 - 732527
(3) 454634 - 456434
(4) 948372 - 948372
(5) 936849 - 938694
(6) 732772 - 737227
(7) 497117 - 497171
(8) 475949 - 474959
(9) 984214 - 984214
(10) 343727 - 433727

(a) 1, 3, 10 (b) 1, 3, 9 (c) 2, 3, 9 (d) 1, 4, 9

19. 'BRIDGE' എന്ന പദം ഒരു പ്രത്യേക രീതിയിൽ 'CSJCFD' എന്നെഴുതിയിരിക്കുന്നു. ഇതേ രീതിയിൽ 'PERSON'' എന്ന പദം എങ്ങനെ എഴുതാം ?

(a) QFSTPO (b) QFSRNM (c) ODQRNM (d) ODQTPO

20. ഒരുകൂട്ടം ആളുകളിൽ P, Q, R എന്നിവർ പഠിച്ചവരാണ് P, R, S ഇവർ പ്രയത്നശീലരാണ്. R, S, T ഇവർ ജോലിയുള്ളവരാണ്. P, Q, S, T ഇവർ പണക്കാരായാൽ ഇവരിൽ പഠിച്ചവരും പ്രയത്നശീലരും, പണക്കാരും എന്നാൽ ജോലിയില്ലാത്തവരും ആരാണ് ?

(a) P (b) Q (c) R (d) T

21. ബുക്കർ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരി ആര് ?

(a) ഇന്ദിരാഗാന്ധി
(b) സുചേതാ കൃപലാനി
(c) അരുന്ധതിറോയ്
(d) സരോജിനി നായിഡു

22. 'ഏഷ്യയുടെ പ്രകാശം' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വ്യക്തി ആര് ?

(a) ശങ്കരാചാര്യർ
(b) ശ്രീബുദ്ധൻ
(c) കൺഫ്യൂഷ്യസ്
(d) മുഹമ്മദ്നബി

23. തിരുനാവായ ഏതു നദിയുടെ തീരത്താണ് ?

(a) പമ്പ
(b) ഭാരതപ്പുഴ
(c) കാവേരി
(d) അച്ചൻകോവിലാറ്

24. 1931-1932 കാലത്തു നടന്ന ഗുരുവായൂർ സത്യഗ്രഹം നയിച്ചതാര്?

(a) കെ. കേളപ്പൻ
(b) കെ.പി.കേശവമേനോൻ
(c) സി.കെ.ഗോവിന്ദൻനായർ
(d) ശ്രീനാരായണഗുരു

25. സൈലന്റ് വാലി നാഷണൽ പാർക്ക് ഏത് ജില്ലയിലാണ് ?

(a) മലപ്പുറം (b) വയനാട് (c) കോഴിക്കോട് (d) പാലക്കാട്

26. തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്ഥാപിക്കപ്പെട്ടത് ഏതു വർഷമാണ് ?

(a) 1951 (b) 1955 (c) 1960 (d) 1961

27. സമ്പൂർണ്ണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യപട്ടണം ഏത് ?

(a) ന്യൂഡൽഹി (b) ബാംഗ്ലൂർ (c) കോട്ടയം (d) തൃശ്ശൂർ

28. താഴെപറയുന്നവരിൽ ആരാണ് വിശ്രുതനായ ആട്ടക്കഥാ രചയിതാവ് ?

(a) ഒ. ചന്തുമേനോൻ
(b) ഉണ്ണായിവാര്യർ
(c) സി.വി.രാമൻപിള്ള
(d) കുഞ്ചൻനമ്പ്യർ

29. ഭരത് അവാർഡ് നേടിയ ആദ്യത്തെ മലയാളനടൻ ആര് ?

(a) തിക്കുറിശ്ശി
(b) സത്യൻ
(c) പ്രേംനസീർ
(d) പി.ജെ.ആന്റണി

30. 1957-1959 ലെ ഇ.എം.എസ്. മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല ആർക്കായിരുന്നു ?

(a) ടി.വി.തോമസ്
(b) ജോസഫ് മുണ്ടശ്ശേരി
(c) സി. അച്യുതമേനോൻ
(d) ഡോക്ടർ. എ.ആർ.മേനോൻ

31. കേരളത്തിലെ ഏതു ജില്ലയിലാണ് ഏറ്റവും കൂടുതൽ ജനങ്ങളുള്ളത് ?

(a) മലപ്പുറം (b) തിരുവനന്തപുരം (c) എറണാകുളം (d) കോഴിക്കോട്

32. കേരള ഹൈക്കോടതിയിലെ ആദ്യത്തെ വനിതാ ചീഫ് ജസ്റ്റിസ് ആരായിരുന്നു ?

(a) കെ.കെ.ഉഷ (b) അന്നാചാണ്ടി
(c) ഫാത്തിമാബീവി (d) സുജാത മനോഹർ

33. സാംസ്കാരിക നവോത്ഥാനത്തിന്റെ ആരംഭം ഏതു രാജ്യത്തിലായിരുന്നു ?
(a) ബ്രിട്ടൻ (b) ജർമനി (c) ഫ്രാൻസ് (d) ഇറ്റലി

34. ഇന്ത്യൻ ചീഫ് ജസ്റ്റിസിനെ നിയമിക്കുന്നതാരാണ് ?
(a) ഇന്ത്യൻ പ്രസിഡണ്ട് (b) പ്രധാനമന്ത്രി
(c) ലോക്സഭ സ്പീക്കർ (d) ഇന്ത്യൻ പാർലമെന്റ്

35. ഏതു തീയതിയിലാണ് ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടത് ?
(a) 1950 ജനുവരി 26 (b) 1949 നവംബർ 26
(c) 1948 ഒക്ടോബർ1 (d) 1947 ആഗസ്റ്റ് 15

36. സംസ്ഥാനങ്ങളിൽ നിന്നും രാജ്യസഭയിലേക്കുള്ള അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത് എന്തിനെ അടിസ്ഥാനമാക്കിയാണ്?
(a) സംസ്ഥാനത്തിന്റെ വിസ്തീർണത്തെ (b) ജനസംഖ്യയെ
(c) റവന്യൂ വരുമാനത്തെ
(d) സംസ്ഥാനത്തുനിന്നുള്ള ലോക്സഭാംഗങ്ങളുടെ എണ്ണത്തെ

37. ഇന്ത്യയെയും-------- യെയും വേർതിരിക്കുന്ന കടലിടുക്കാണ് പാക് സ്ട്രെയിറ്റ്
(a) പാകിസ്ഥാൻ (b) ബംഗ്ലാദേശ് (c) മ്യാൻമാർ (d) ശ്രീലങ്ക

38. മണ്ണൊലിപ്പിന്റെ പ്രധാന കാരണം ------- ആണ്.
(a) കാറ്റ് (b) കടൽക്ഷോഭം
(c) മഴ (d) വനനശീകരണം

39. 'ഡിവൈൻ കോമഡി' എന്ന ഗ്രന്ഥം രചിച്ചതാര്?
(a) ദാന്തേ (b) ഷേക്സ്പിയർ (c) ഹോമർ (d) വെർജിൽ

40. 'ഒടുവിലത്തെ അത്താഴം' എന്ന പ്രസിദ്ധ ചിത്രത്തിന്റെ രചയിതാവാര്?
(a) രാജാ രവിവർമ്മ (b) റാഫേൽ
(c) ലിയനാർഡോ ഡാവിഞ്ചി (d) മൈക്കലാഞ്ജലോ

41. രണ്ടാം ലോക മഹായുദ്ധത്തിൽ ബ്രിട്ടനെ വിജയത്തിലേക്കു നയിച്ച പ്രധാനമന്ത്രി ആരായിരുന്നു?
(a) ആറ്റ്ലി (b) വില്യം പിറ്റ്
(c) ചർച്ചിൽ (d) സർ റാംസേ മക്ഡൊനാൾഡ്

42. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം ഏതു നഗരത്തിൽ ആണ്?
(a) ജനീവ (b) വാഷിങ്ടൺ (c) ലണ്ടൻ (d) ന്യൂയോർക്ക്

43. താഴെപ്പറയുന്നവയിൽ ഏറ്റവും കുറഞ്ഞ ജനസാന്ദ്രതയുള്ള രാജ്യം ഏതാണ്?
(a) റഷ്യ (b) കാനഡ (c) ഇന്ത്യ (d) യു.എസ്.എ

44. ശൂന്യാകാശത്തേക്ക് ആദ്യം അയയ്ക്കപ്പെട്ട ജീവി ഏത്?
(a) നായ (b) കുരങ്ങ് (c) എലി (d) മുയൽ

45. അമേരിക്കയുടെ കൊളംബിയ പേസ് ഷട്ടിൽ പൊട്ടിത്തെറിച്ചപ്പോൾ മരിച്ച ഇന്ത്യൻ വംശജയായ ബഹിരാകാശ സഞ്ചാരി ആരായിരുന്നു?
(a) സുസ്മിതാസെൻ (b) കിരൺബേദി
(c) കല്പനാചൗള (d) ക്യാപ്റ്റൻ ലക്ഷ്മി

46. ഏതു സംഗീതോപകരണം വായിക്കുന്നതിലാണ് പാലക്കാട് മണിഅയ്യർ പ്രഗല്ഭനായിരുന്നത്?
(a) മൃദംഗം (b) പുല്ലാങ്കുഴൽ (c) തബല (d) പിയാനോ

47. ഒഡീസ്സി എന്ന നൃത്തരൂപം ഉടലെടുത്തത് ഏതു സംസ്ഥാനത്താണ്?
(a) തമിഴ്നാട് (b) ഒറീസ്സ (c) കേരളം (d) കർണാടകം

48. ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്നതെന്താണ്?
(a) രാഷ്ട്രീയപാർട്ടികൾ (b) നിയമസഭകൾ
(c) കോടതികൾ (d) പത്രമാധ്യമങ്ങൾ

49. ഒരു ചുവന്ന പൂവ് പച്ച വെളിച്ചത്തിൽ എന്തു നിറമായി കാണപ്പെടുന്നു?
(a) നീല (b) മഞ്ഞ (c) കറുപ്പ് (d) വെളുപ്പ്

50. ആഹാരത്തിലെ പോഷകാംശങ്ങളിലധികവും രക്തത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നത് എവിടെവച്ചാണ്?
(a) ആമാശയം (b) ചെറുകുടൽ (c) വൻകുടൽ (d) പക്വാശയം

51. ആറ്റംബോംബ് കണ്ടുപിടിച്ചതാര്?
(a) ലോർഡ് റതർഫോർഡ് (b) ജെ.ജെ. തോംസൺ
(c) ഓട്ടോഹാൻ (d) ആൽബർട്ട് ഐൻസ്റ്റീൻ

52. ഐക്യരാഷ്ട്രസഭയുടെ നിയമാവലി പ്രാബല്യത്തിൽ വന്നത് എന്നാണ്?
(a) 1945 സപ്തംബർ 24 (b) 1945 ഒക്ടോബർ 24
(c) 1945 ആഗസ്ത് 24 (d) 1945 നവംബർ 24

53. ലോകത്തിലെ ഏറ്റവും വലിയ ദ്വീപ് ഏത്?

(a) മഡഗാസ്കാർ (b) ബോർണിയോ (c) ന്യൂസിലാൻഡ് (d) ഗ്രീൻലാൻഡ്

54. യുദ്ധവും സമാധാനവും എന്ന പുസ്തകമെഴുതിയതാര്?
(a) ലിയോ ടോൾസ്റ്റോയി
(b) അഡോൾഫ് ഹിറ്റ്ലർ
(c) രവീന്ദ്രനാഥ ടാഗോർ
(d) മൗലാനാ അബ്ദുൾകലാം ആസാദ്

55. ഇംഗ്ലീഷ് ചാനൽ നീന്തിക്കടന്ന ആദ്യത്തെ ഇന്ത്യാക്കാരൻ ആര്?
(a) അവിനാശ് സരാംഗ് (b) ആരതി ഗുപ്ത (c) വിനു മങ്കാട് (d) മിഹിർ സെൻ

56. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം ഏത്?
(a) രാജസ്ഥാൻ (b) മധ്യപ്രദേശ് (c) മഹാരാഷ്ട്ര (d) ഉത്തർപ്രദേശ്

57. ഇന്ത്യയിൽ നിലവിൽ വന്ന ആദ്യത്തെ സ്വകാര്യടെലിവിഷൻ ചാനൽ ഏത്?
(a) ഏഷ്യാനെറ്റ് (b) സൺ ടി.വി (c) സ്റ്റാർ ടി.വി (d) സി.എൻ.എൻ

58. കേരളത്തിലെ ആദ്യത്തെ കോളേജ് സ്ഥാപിക്കപ്പെട്ടത് ഏത് ജില്ലയിലാണ്?
(a) തുരുവനന്തപുരം (b) കോഴിക്കോട് (c) കോട്ടയം (d) എറണാകുളം

59. ഹൈഡ്രജൻ കണ്ടുപിടിച്ചതാര്?
(a) ലാവോസിയർ (b) പ്രീസ്റ്റ് ലി (c) ആർക്കിമെഡീസ്(d) കവൻഡിഷ്

60. താഴെപ്പറയുന്ന ആഹാരസാധനങ്ങളിൽ ഏറ്റവുമധികം മാംസ്യം അടങ്ങിയിട്ടുള്ളത്?
(a) മത്സ്യം (b) പയർ (c) പാൽ (d) ആപ്പിൾ

61. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വരുന്ന ഓക്സിജൻ നീക്കം ചെയ്യപ്പെട്ട രക്തം ഹൃദയത്തിന്റെ ഏതറയിലാണ് എത്തിക്കുന്നത്?
(a) ഇടതു ആറിക്കിൾ
(b) ഇടതു വെൻട്രിക്കിൾ
(c) വലതു ആറിക്കിൾ
(d) വലതു വെൻട്രിക്കിൾ

62. ഉറുമ്പിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത്?
(a) അസെറ്റിക് ആസിഡ്
(b) ഫോർമിക് ആസിഡ്
(c) ലാക്ടിക് ആസിഡ്
(d) സിട്രിക് ആസിഡ്

63. 'പാറ്റെല്ലാ' ഏതസ്ഥിയുടെ ശാസ്ത്രീയനാമമാണ്?
(a) മുട്ടുചിരട്ട (b) വളയെല്ല് (c) വാരിയെല്ല് (d) ഉരാസ്ഥി

64. ചിലർ മഹാന്മാരായി ജനിക്കുന്നു. ചിലർ മഹത്വം നേടിയെടുക്കുന്നു. ചിലരുടെ മേൽ മഹത്വം അടിച്ചേല്പിക്കുന്നു. ഈ വാചകം ആരുടേതാണ്?
(a) ജോർജ് ബർണാഡ്ഷാ
(b) മഹാത്മാഗാന്ധി
(c) ജവഹർലാൽ നെഹ്റു
(d) വില്യം ഷേക്സ്പിയർ

65. 'ബിഷപ്പ്' എന്ന പദം ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(a) ബ്രിഡ്ജ് (b) ഗോൾഫ് (c) ചെസ്സ് (d)ബില്ല്യാർഡ്സ്

66. ഏതു കളിയിലാണ് സ്റ്റെഫിഗ്രാഫ് പ്രഗത്ഭ ആയിരുന്നത്?
(a) ബാഡ്മിന്റൺ
(b) ടെന്നീസ്
(c) ടേബിൾ ടെന്നീസ്
(d) നീന്തൽ

67. ശിവാജി ഗണേശൻ അന്തരിച്ച വർഷം ഏത്?
(a) 1998 (b) 1999 (c) 2000 (d) 2001

68. നോബൽ സമ്മാനം നേടിയ ആദ്യത്തെ ഇംഗ്ലീഷ് സാഹിത്യകാരൻ ആര്?
(a) തോമസ് ഹാർഡി
(b) ലോർഡ് ടെന്നിസൻ
(c) റുഡ്യാർഡ് കിപ്ലിംഗ്
(d) ടി.എസ്. എലിയറ്റ്

69. താഴെ പറയുന്നവരിൽ ഏതു പിന്നണി ഗായികയാണ് ഏറ്റവുമധികം ചിത്രങ്ങൾക്കു വേണ്ടി പാടിയത്?
(a) ലതാമങ്കേഷ്കർ (b) എസ്. ജാനകി (c) പി.ലീല (d) പി.സുശീല

70. രണ്ടു വ്യത്യസ്ത വിഷയങ്ങളിൽ നോബൽ സമ്മാനം നേടിയ ആദ്യത്തെ വ്യക്തി ആര്?
(a) സി.വി.രാമൻ
(b) പേൾ എസ്. ബക്ക്
(c) ആൽബർട്ട് ഐൻസ്റ്റിൻ
(d) മാഡംക്യൂറി

71. The opposite of disseminate is ——
(a) withhold (b) broadcast (c) convey (d) diffuse

72. How is that brother of ——?
(a) your (b) you (c) yours (d) your's

73. You may sit ——
(a) wherever your liked
(b) when you are tired
(c) when you got permission
(d) whenever you liked

74. I have —— money than a clerk.
(a) less (b) lesser (c) few (d) fewer

75. I —— that she will be here soon.
(a) am expecting (b) expected (c) expect (d) shall expect

76. Henry's speech failed to —his audience.
(a) arouse (b) arise (c) rouse (d) rise

77. If we knew your address, we —— to you.
(a) would write (b) will write
(c) would have written (d) would have been writing

78. Though he refused at first he —— in the end.
(a) came out (b) came away (c) came up (d) came around

79. A work published after a writer's death is
(a) memorial (b) momento (c) post - death (d) posthumous

80. A person who is indifferent to pleasure and pain.
(a) stoic (b) sceptic (c) ascetic (d) cyectic

81. Thomas is used to —— at night.
(a) work (b) working (c) have worked (d) worked

82. I am older than you, ——?
(a) am I (b) amn't I (c) aren't I (d) weren't I

83. As there was no choice, the enemy had to give ——
(a) back (b) out (c) up (d) in

84. He looks as if he —— rich.
(a) is (b) was (c) were (d) might have been

85. It —— since 10 0' clock this morning.
(a) is raining (b) was raining
(c) had been raining (d) has been raining

86. The word categorically means:
(a) leaving no doubt (b) having several divisions
(c emphatically (d) with convictions

87. John is —— happy and depressed.
(a) alternatively (b) alternately
(c) alternate (d) alternative

88. Jerald has difficulty —— his travel arrangements.
(a) to (b) in (c) at (d) with

89. Affection means:
(a) pretension (b) intimacy (c) pride (d) feeling

90. Seldom —— the park these days.
(a) we visit (b) we have visited (c) do we visit (d) we are visiting

91. പ്രേഷണം എന്ന പദത്തിന്റെ അർഥം?
(a) കാഴ്ച (b) നല്കുക
(c) കേൾക്കുക (d) അയയ്ക്കപ്പെടൽ

92. ശുദ്ധമായ പ്രയോഗം തിരഞ്ഞെടുക്കുക.
(a) നല്ലയിനം ഇറച്ചികോഴികളെ വിൽക്കും.
(b) നല്ലയിനം ഇറച്ചിക്കോഴികൾ വിൽക്കപ്പെടും.
(c) നല്ലയിനം ഇറച്ചികോഴികൾ വിൽക്കപ്പെടും.
(d) നല്ലയിനം ഇറച്ചിക്കോഴികളെ വിൽക്കും.

93. ചട്ടപ്പടി എന്ന പദം
(a) ചട്ടപടി (b) ചട്ടംപടി
(c) ചട്ടം അടി (d) ഒന്നും ശരിയല്ല

ഏറ്റവും ശരിയായ പദം തെരഞ്ഞെടുക്കുക

94. (a) യാദൃശ്ചികം (b) യാതൃച്ഛികം (c) യാദൃച്ചികം (d) യാദൃച്ഛികം

95. (a) അടിമത്വം (b) അടിമത്ത്വം
(c) അടിമത്തം (d) എല്ലാം ശരിയാണ്

96. Make castle in the air എന്നതിനു സമാനമായി ഭാഷയിലുള്ള ശൈലി?
(a) വായുവിൽ കൊട്ടാരം പണിയുക (b) കാറ്റുള്ളപ്പോൾ തൂറ്റുക
(c) ആകാശക്കോട്ട കെട്ടുക (d) മനക്കോട്ട പണിയുക

97. A serious problem that has started to plague us recently is the changing value system in our society. ഇതിന്റെ തർജ്ജമ
(a) വിലയിടിവും പകർച്ചവ്യാധിയുമാണ് അടുത്തകാലത്ത് നമ്മെ ബാധിച്ചിരിക്കുന്ന ഗുരു തരമായ പ്രശ്നങ്ങൾ.
(b) ഒരു ഗുരുതരമായ പ്രശ്നം സമാരംഭിച്ചു കഴിഞ്ഞു ; അതു മാറുന്ന വില നിലവാരമാണ്.
(c) മാറുന്ന മൂല്യവ്യവസ്ഥകളാണ് നമ്മെ ബാധിച്ചിരിക്കുന്നത്.
(d) സമൂഹത്തിൽ മാറിവരുന്ന മൂല്യവ്യവസ്ഥകളാണ് അടുത്ത കാലത്തായി നമ്മെ ബാധിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ

പ്രശ്നം.

98. The dispute among the countries are not solved - ഇതിന്റെ തർജ്ജമ
   (a) രാജ്യങ്ങൾക്കിടയിലുള്ള തർക്കം പരിഹരിച്ചില്ല.
   (b) രാജ്യങ്ങളിലുണ്ടായ പ്രതിസന്ധി പരിഹരിച്ചില്ല.
   (c) രാജ്യങ്ങളിലുള്ള അനിശ്ചിതത്വം പരിഹരിച്ചില്ല.
   (d) രാജ്യങ്ങൾ തമ്മിലുള്ള സഹായം അവസാനിച്ചില്ല.

99. സംഘടനം എന്ന പദത്തിന്റെ വിപരീതം
   (a) സംയോജനം (b) ഘടനം (c) വിഘടനം (d) സമ്മേളനം

100. ശരിയായ വാക്യം തെരഞ്ഞെടുക്കുക
   (a) ദയവായി ആശുപത്രി വരാന്തയിൽ കൂട്ടം കൂടി നില്ക്കരുത്.
   (b) ആശുപത്രി വരാന്തയിൽ കൂട്ടം കൂടി ദയവായി നില്ക്കരുത്.
   (c) ആശുപത്രി വരാന്തയിൽ ദയവായി കൂട്ടംകൂടി നില്ക്കരുത്.
   (d) ആശുപത്രി വരാന്തയിൽ കൂട്ടംകൂടി നില്ക്കരുത്.

## എൽ.ഡി.സി. കണ്ണൂർ ജില്ല
## ഉത്തരങ്ങളും അനുബന്ധവസ്തുതകളും

1. (c) B
   - E, D, B, A and C are setting in a order from right to left
     $\therefore$ B is sitting at middle seat
2. ( ) ശരി ഉത്തരം നൽകിയിട്ടില്ല
   - Total number of faces = $64 \times 6$
     No. of faces painted = $16 \times 6 = 96$
     $\therefore$ No of cubes painted = $16 \times 2 + 2 \times 8 = 48$
     $\therefore$ No of cubes not painted = $64 - 48 = 16$
3. (b) അനന്തിരവൻ
   'P' യുടെ സഹോദരിയുടെ മകനാണ് 'S'.
4. (a) 3
   Ramu is in the 19th position from left.
   Balu is in the 35th position from the right.
   ie, 15th position from left.
   $\therefore$ No of students in between = $19 - 15 - 1 = 3$
5. (a) മാനവജാതിയുടെ നല്ല ഗുണങ്ങളെ
6. (a) 29
   Series is +4, +2, +4
   $\therefore$ 6th term = 5th term + 4 = 25 + 4 = 29
7. (c) 61
   Series is +4, +8, +12, +16 - - - - -
   $\therefore$ 6th term = 41 + 20 = 61
8. (a) 81
   Series $\times 2, \times 3, \times 2, \times 3$ - - - - -
   $\therefore$ 7th term is $27 \times 3 = 81$
9. (b) തുണി
10. (d) അഭിനേതാവ്
11. (a) മഹാത്മാഗാന്ധി കൊല്ലപ്പെട്ട ദിവസം
    - ഇന്ദിരാഗാന്ധിയുടെ ചരമദിനം - 1984 ഒക്ടോബർ 31
    - രാജീവ് ഗാന്ധിയുടെ ചരമദിനം - 1991, മേയ് 21
    - ജവഹർലാൽ നെഹ്റുവിന്റെ ചരമദിനം - 1964 മെയ് 27
12. (b) 5
    - 980 will became perfect square if muliplied by 5.
13. (b) $11\frac{1}{2}$
14. (a) 0.7

$$\frac{\sqrt{0.0196}}{0.2} = \frac{0.14 \times 100}{0.2 \times 100} = \frac{14}{20} = 0.7$$

15. (c) $10^2$

This is the form of $a^2 + 2ab + b^2 = (a + b)^2$
$= (7.83 + 2.17)^2 = 10^2$

16. (b) കാരറ്റ്
Except (b) all are fruits
17. (d) ബഷീറിന്റെ *ബാല്യകാലസഖി* ഒഴികെ ബാക്കിയെല്ലാം തകഴിയുടെ കൃതികൾ.
18. (d) 1, 4, 9
19. (b) QFSRNM
20. (a) P
21. (c) അരുന്ധതി റോയി 2006 ലെ സമ്മാനജേതാവ് - **ഇന്ത്യക്കാരിയായ കിരൺദേശായി**
    - 'ഇന്ത്യയുടെ ഉരുക്കുവനിത' എന്നറിയപ്പെടുന്നത് ഇന്ദിരാഗാന്ധിയെയാണ്.
    - ഇന്ത്യയിലെ ആദ്യത്തെ വനിതാ മുഖ്യമന്ത്രിയാണ് സുചേതാ കൃപലാനി.
    - 'ഇന്ത്യയുടെ വാനമ്പാടി' എന്നറിയപ്പെടുന്നത് സരോജിനി നായിഡുവിനെയാണ്.
    - 1997ലാണ് അരുന്ധതി റോയ്ക്ക് ബുക്കർ സമ്മാനം ലഭിച്ചത്. കൃതി : *The God of Small Things*. മറ്റു പുസ്തകങ്ങൾ *The End of Imagination, Greater Common Good, Algebra of Infinite Justice*, etc,
22. (b) ശ്രീബുദ്ധൻ
    - Edwin Arnold Troyambee - ആണ് ബുദ്ധനെ 'ഏഷ്യയുടെ പ്രകാശം' എന്ന് വിശേഷിപ്പിച്ചത്.
    - ട്രോയംബിയുടെ *Light of Asia* എന്ന പുസ്തകത്തെ കുമാരനാശാൻ, *ശ്രീബുദ്ധചരിതം* എന്ന പേരിൽ തർജ്ജമ ചെയ്തിട്ടുണ്ട്.
    - അദ്വൈതസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണ് ശങ്കരാചാര്യർ.
    - കൺഫ്യൂഷനിസം എന്ന മതം സ്ഥാപിച്ചത് കൺഫ്യൂഷിയസ് ആണ്.
    - ഇസ്ലാം മതസ്ഥാപകനാണ് മുഹമ്മദ് നബി.
23. (b) ഭാരതപ്പുഴ
    - പെരുമാക്കൻമാരുടെ മാമാങ്കവേദിയായ തിരുനാവായ സ്ഥിതി ചെയ്യുന്നത് തിരൂരിലെ തുഞ്ചൻപറമ്പിലാണ്.
    - പ്രസിദ്ധ മാരാമൺ കൺവെൻഷൻ നടക്കുന്നത് പമ്പയുടെ തീരത്താണ്.
    - തിരുച്ചിറപ്പള്ളി സ്ഥിതി ചെയ്യുന്നത് കാവേരി നദീതീരത്താണ്.
24. (a) കെ.കേളപ്പൻ
    - കേരളത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ് 1931–32 കാലത്ത് നടന്ന ഗുരുവായൂർ സത്യഗ്രഹം.
    - മാതൃഭൂമി പത്രം സ്ഥാപിച്ച വ്യക്തിയാണ് കെ.പി. കേശവമേനോൻ. കഴിഞ്ഞകാലം ഇദ്ദേഹത്തിന്റെ ആത്മകഥയാണ്.
    - "*ദർശനമാല', ആത്മോപദേശകശതകം* എന്നീ പുസ്തകങ്ങൾ രചിച്ചത് ശ്രീനാരായണഗുരുവാണ്.
    - എസ്.എൻ.ഡി.പി 1903ൽ സ്ഥാപിച്ചത് ഇദ്ദേഹമാണ്.
25. (d) പാലക്കാട്
    - സൈലന്റ് വാലിയിലൂടെ ഒഴുകുന്ന നദിയാണ് കുന്തിപുഴ.
    - ലോകത്തിലെ ഏറ്റവും പുരാതനമായ തേക്കുതോട്ടം (കനോലിപ്ലോട്ട്) സ്ഥിതിചെയ്യുന്ന ജില്ല മലപ്പുറമാണ്.
    - കേരളത്തിലെ ആദ്യത്തെ മൈക്രോ ഹൈഡൽ പ്രോജക്ട് ആരംഭിച്ചത് വയനാട്ടിലാണ്.
    - പഴശ്ശിരാജാവിന്റെ പേരിലുള്ള മ്യൂസിയം സ്ഥിതി ചെയ്യുന്നത് കോഴിക്കോടാണ്.
26. (a) 1951
    - കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്.
    - 1955 ലാണ് ആവഡി കോൺഗ്രസ് സമ്മേളനം സോഷ്യലിസം അതിന്റെ ലക്ഷ്യമായിപ്രഖ്യാപിച്ചത്.
    - 1960 ലാണ് മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ പുതിയ സംസ്ഥാനങ്ങൾ രൂപംകൊണ്ടത്.
    - ഇന്ത്യയിലെ ആദ്യത്തെ സാമ്പത്തിക ദിനപത്രമായ 'ഇക്കണോമിക് ടൈംസ്' പ്രവർത്തനം ആരംഭിച്ച വർഷമാണ് 1961.
27. (c) കോട്ടയം
    - കോട്ടയം പട്ടണം 1989 ജൂൺ 25ന് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ പട്ടണമായി.
    - 1990 ഫെബ്രുവരി 4ന് എറണാകുളം ഇന്ത്യയിലെ ആദ്യത്തെ സാക്ഷരതാ ജില്ലയായി.
    - ഇന്ത്യയിലെ 'ശൂന്യാകാശനഗരം' എന്ന പേരിലാണ് ബാംഗ്ലൂർ അറിയപ്പെടുന്നത്.
    - കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ് തൃശൂർ.
28. (b) ഉണ്ണായിവാര്യർ
    - കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടമാണ് ആദ്യത്തെ ആട്ടക്കഥ.
    - തുള്ളലിന്റെ ഉപജ്ഞാതാവ് - കുഞ്ചൻനമ്പ്യാർ
    - മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ *ഇന്ദുലേഖ* രചിച്ചത് ഒ.ചന്തുമേനോനാണ്.
    - *മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജ ബഹദൂർ* എന്നീ ചരിത്രനോവലുകളുടെ കർത്താവ് സി.വി.രാമൻപിള്ളയാണ്.
29. (d) പി.ജെ.ആന്റണി
    - *നിർമ്മാല്യം* എന്ന ചിത്രത്തിലെ (വെളിച്ചപ്പാടിന്റെ വേഷത്തിന്) അഭിനയത്തിനാണ് അദ്ദേഹത്തിന് ഭരത് അവാർഡ് ലഭിച്ചത്.
    - മമ്മൂട്ടിയ്ക്ക് മൂന്ന് പ്രാവശ്യം ഭരത് അവാർഡ് ലഭിച്ചിട്ടുണ്ട്.
30. (b) ജോസഫ് മുണ്ടശ്ശേരി
    - കൊച്ചി സർവ്വകലാശാലയുടെ ആദ്യ വൈസ് ചാൻസിലറും ഇദ്ദേഹമാണ്.
    - ഒന്നാം മന്ത്രിസഭയിലെ തൊഴിൽ ട്രാൻസ്പോർട്ട് എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നത് ടി.വി.തോമസാണ്.
    - കേരളത്തിലെ ആദ്യത്തെ ധനകാര്യമന്ത്രിയായിരുന്നു സി. അച്യുതമേനോൻ.
    - കേരളത്തിലെ ആദ്യത്തെ ആരോഗ്യമന്ത്രിയായിരുന്നു ഡോ. എ.ആർ.മേനോൻ.
31. (a) മലപ്പുറം
    - ഏറ്റവും കുറവ് ജനസംഖ്യയുള്ള ജില്ല വയനാടാണ്.
    - ജനസാന്ദ്രത ഏറ്റവും കുറഞ്ഞ ജില്ല - ഇടുക്കി
    - ജനസാന്ദ്രത ഏറ്റവും കൂടിയ ജില്ല - ആലപ്പുഴ

32. (b) അന്നാചാണ്ടി
   - കോമൺവെൽത്ത് രാജ്യങ്ങളിൽ ആദ്യമായി ഹൈക്കോടതി ജഡ്ജിയായ വനിത കുടിയാണ് അന്നാചാണ്ടി.
   - കേരള ഹൈക്കോടതിയിലെ ആദ്യമലയാളിയായ വനിതാ ചീഫ് ജസ്റ്റിസാണ് കെ.കെ.ഉഷ.
   - ഇന്ത്യയിലെ ആദ്യ വനിതാ സുപ്രീം കോടതി ജഡ്ജിയാണ് ഫാത്തിമാബീവി.
   - കേരളത്തിലെ ആദ്യ വനിതാ ചീഫ് ജസ്റ്റിസാണ് സുജാതാ വി.മനോഹർ.

33. (d) ഇറ്റലി
   - നവോത്ഥാനത്തിന്റെ കളിത്തൊട്ടിൽ - ഇറ്റലി
   - 1909 ൽ നോബൽ സമ്മാനം ലഭിച്ച കമ്പിയില്ലാക്കമ്പി (വയർ ലെസ് കണ്ടുപിടിച്ച മാർക്കോണി ഇറ്റലിക്കാരനാണ്.
   - മെർക്കുറി ഏറ്റവും കൂടുതൽ ഉത്പ്പാദിപ്പിക്കുന്ന രാജ്യം ഇറ്റലിയാണ്.
   - മാർബിളിന്റെ നാട് എന്നറിയപ്പെടുന്ന യുറോപ്യൻ രാജ്യം ഇറ്റലിയാണ്.

34. (a) ഇന്ത്യൻ പ്രസിഡണ്ട്
   - ഇന്ത്യയിൽ സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരെ നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്.

35. (b) 1949 നവംബർ 26
   - 1950 ജനുവരി 26-ന് ഇന്ത്യ ഒരു റിപ്പബ്ളിക്കായതോടെ ഭരണഘടന നിലവിൽ വന്നു.
   - ഭരണഘടനാശില്പി - ഡോ. ബി.ആർ. അംബേദ്കർ
   - ഭരണഘടനാ പുനഃപരിശോധനാ കമ്മിറ്റിയുടെ ചെയർമാൻ - ജസ്റ്റിസ് വെങ്കിട ചെല്ലയ്യ.
   - ഇന്ത്യ റിപ്പബ്ലിക്കായ വർഷം 1950 ജനുവരി 26.
   - 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രമായി.

36. (b) ജനസംഖ്യയെ
   - രാജ്യസഭയിലെ പരമാവധി അംഗസംഖ്യ 250 ആയി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ 12 പേരെ രാഷ്ട്രപതി നാമനിർദേശം ചെയ്യുന്നു.

37. (d) ശ്രീലങ്ക
   - ഇന്ത്യയേയും ചൈനയേയും മക്മോഹൻ രേഖയാൽ വേർതിരിക്കപ്പെടുന്നു.
   - ഇന്ത്യയെയും പാകിസ്ഥാനെയും വേർതിരിക്കുന്ന രേഖ - റാഡ്ക്ലിഫ്

38. (d) വനനശീകരണം

39. (a) ഡാന്റേ
   - ലാറ്റിൻ സാഹിത്യകാരനാണ് ഡാന്റേ.
   - *ഒഥല്ലോ, കിംഗ്ലിയർ* എന്നീ പ്രസിദ്ധനാടകങ്ങൾ ഷേക്സ്പിയർ രചിച്ചതാണ്.
   - *ഇലിയഡ് ഒഡീസി ഹോമർ* എന്നിവ രചിച്ച പ്രസിദ്ധ ഇതിഹാസങ്ങൾ ആണ്.

40. (c) ലിയനാർഡോ ഡാവിഞ്ചി
   - പ്രസിദ്ധനായ ഇറ്റാലിയൻ ചിത്രകാരൻ
   - *മോണോലിസ, അവസാനത്തെ അത്താഴം* തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്ത ചിത്രങ്ങളിൽ ചിലതാണ്.

41. (c) വിൻസ്റ്റൻ ചർച്ചിൽ
   - ബ്രിട്ടൻ, ഫ്രാൻസ്, യു.എസ്.എ, യു.എസ്.എസ്.ആർ, ചൈന എന്ന ഐക്യരാഷ്ട്രങ്ങളും ജർമ്മനി, ഇറ്റലി, ജപ്പാൻ തുടങ്ങിയ അച്ചുതണ്ടുശക്തികളും തമ്മിലായിരുന്നു രണ്ടാം ലോകമഹായുദ്ധം.
   - ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ തീരുമാനിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നു ക്ലമന്റ് അറ്റ്ലി.
   - ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയായിരുന്ന വില്ല്യം പിറ്റ്.

42. (d) ന്യൂയോർക്ക്
   - 1945, ഒക്ടോബർ 24ന് സാൻഫ്രാൻസിസ്കോയിലാണ് ഐക്യരാഷ്ട്രസഭ നിലവിൽ വന്നത്.
   - റെഡ്ക്രോസിന്റെ ആസ്ഥാനം ജനീവയാണ്.
   - ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി എന്നീ സംഘടനകളുടെ ആസ്ഥാനം വാഷിംങ്ടൺ ആണ്.
   - കോമൺവെൽത്തിന്റെ ആസ്ഥാനമാണ് ലണ്ടൻ.

43. [illegible]
   - ലോകത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ.
   - ലോകത്തിലെ ഏറ്റവും വലിയ രാജ്യമാണ് റഷ്യ.

44. (a) നായ
   - റഷ്യയുടെ ലെയ്ക്ക എന്ന നായയാണ് ശൂന്യാകാശത്ത് ആദ്യം അയയ്ക്കപ്പെട്ട ജീവി.
   - സുപ്ട്നിക് II യിലാണ് ലെയ്ക്കയെ ശൂന്യാകാശത്ത് എത്തിച്ചത്.

45. (c) കല്പനാചൗള
   - 2003 ഫെബ്രുവരി ഒന്നിനുണ്ടായ ബഹിരാകാശവാഹനമായ കൊളംബിയ പൊട്ടിത്തെറിച്ച് കല്പന ചൗളയും ആറ് സഹയാത്രികരും കൊല്ലപ്പെട്ടു.
   - നാസയുടെ 'സ്പിരിറ്റ്' ഇറങ്ങിയ സ്ഥലത്തിന് നൽകിയിരിക്കുന്ന പേരാണ് കൊളംമ്പിയ മെമ്മോറിയൽ സ്റ്റേഷൻ. ചൊവ്വയിലെ വിസ്തൃതമായ ഈ സ്ഥലം അറിയപ്പെടുന്നത് Gustev Crater എന്നാണ്.
   - ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ വിശ്വസുന്ദരിയാണ് സുസ്മിതാ സെൻ.
   - ഇന്ത്യയിലെ ആദ്യ വനിതാ ഐ.പി.എസ്. ഓഫീസറാണ് കിരൺബേഡി.
   - ഇന്ത്യൻ നാഷണൽ ആർമി (INA) യുടെ വനിതാ ക്യാപ്റ്റൻ ആയിരുന്നു ക്യാപ്റ്റൻ ലക്ഷ്മി.

46. (a) മൃദംഗം
   - ഹരിപ്രസാദ് ചൗരസ്യ, പന്നലാൽ ഘോഷ് എന്നിവർ പ്രശസ്ത പുല്ലാങ്കുഴൽ വിദ്വാൻമാർ ആണ്.

47. (b) ഒറീസ്സ
   - കുച്ചിപ്പുടി ആന്ധ്രാപ്രദേശിലെ ക്ലാസിക്കൽ നൃത്തരൂപമാണ്.
   - ഭരതനാട്യമാണ് തമിഴ്നാടിന്റെ പ്രധാന നൃത്തരൂപം.
   - കേരളത്തിലെ പ്രധാന നൃത്തങ്ങളാണ് മോഹിനിയാട്ടം, കഥകളി, ഓട്ടം തുള്ളൽ.
   - യക്ഷഗാനം കർണ്ണാടകത്തിന്റെ നൃത്തരൂപമാണ്.

48. (d) പത്രമാധ്യമങ്ങൾ

- ആദ്യത്തെ മൂന്ന് എസ്റ്റേറ്റുകളാണ് ലെജിസ്ലേചർ, എക്സിക്യൂട്ടീവ് ജുഡീഷ്യറി.

49. (c) കറുപ്പ്
- എല്ലാ വർണ്ണ രശ്മികളെയും ആഗിരണം ചെയ്യുന്ന ഒരു ഉപരിതലം കറുത്ത നിറത്തിൽ കാണപ്പെടുന്നു.

50. (b) ചെറുകുടൽ

51. (c) ഓട്ടോഹാൻ
- ആറ്റം ബോംബ് ന്യൂക്ലിയർ ഫിഷൻ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്.
- ഹൈഡ്രജൻ ബോംബ് ന്യൂക്ലിയർ ഫ്യൂഷൻ വഴിയും.
- പ്രോട്ടോൺ കണ്ടെത്തിയത് റൂഥർ ഫോർഡ് ആണ്.
- ഇലക്ട്രോൺ കണ്ടെത്തിയ വ്യക്തിയാണ് ജെ.ജെ. തോംസൺ.

52. (b) 1945 ഒക്ടോബർ 24
- ഒക്ടോബർ 24 ഐക്യരാഷ്ട്രദിനമായി ആചരിക്കുന്നു.
- ആസ്ഥാനം - ന്യൂയോർക്ക്
- ഐക്യരാഷ്ട്രസഭയിൽ ഇപ്പോൾ 192 അംഗങ്ങൾ ഉണ്ട്.

53. (d) ഗ്രീൻലാൻഡ്
- ഡെൻമാർക്കിലാണ് ഗ്രീൻലാൻഡ്
- ഏറ്റവും വലിയ ദ്വീപ് സമൂഹം - ഇന്തോനേഷ്യ
- ഏറ്റവും വലിയ ദ്വീപ് - മജുലി
- ഏറ്റവും വലിയ ഉപദ്വീപ് - അറേബ്യ
- ഇന്ത്യൻ സമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപാണ് മലഗാസി ദ്വീപുകൾ.
- ഏറ്റവും വലിയ നദീ ജന്യ ദ്വീപ് - മജുലി

54. (a) ലിയോ ടോൾസ്റ്റോയി
- വിഖ്യാതനായ റഷ്യൻ നോവലിസ്റ്റ്.
- പ്രധാന കൃതികൾ - *അന്നാകരിനീന, വാർ ആൻഡ് പീസ്, റിസറെക്ഷൻ*
- "മെയിൻകാംഫ്" ഹിറ്റ്ലറുടെ ആത്മകഥയാണ്.
- ഗീതാഞ്ജലി എന്ന കൃതിക്ക് 1913ലാണ് ടാഗോറിന് നോബൽ സമ്മാനം ലഭിച്ചത്.
- *ഇൻഡ്യാ വിൻസ് ഫ്രീഡം* മൗലാനാ അബ്ദുൾ കലാം ആസാദ് എഴുതിയ പ്രസിദ്ധമായ പുസ്തകമാണ്.

55. (d) മിഹിർസെൻ
- ഇംഗ്ലീഷ് ചാനൽ നീന്തിക്കടന്ന ആദ്യത്തെ വ്യക്തിയാണ്. യു.എസ്.എയിലെ മാത്യൂ വെബ് (1875). 24 മണിക്കൂർ 40 മിനിട്ട് കൊണ്ടാണ് അദ്ദേഹം ചരിത്രം സൃഷ്ടിച്ചത്. ഇംഗ്ലീഷ് ചാനൽ നീന്തിക്കടന്ന ആദ്യത്തെ വനിതയാണ് ഇവർ.
- ഇംഗ്ലീഷ് ചാനൽ നീന്തിക്കടന്ന ആദ്യ ഏഷ്യൻ വനിത - ആരതീ സാഹ
- പ്രശസ്ത ഇന്ത്യൻ ക്രിക്കറ്റ് കളിക്കാരനാണ് വിനു മങ്കാട്.

56. (a) രാജസ്ഥാൻ
- മദ്ധ്യപ്രദേശിനെ വിഭജിച്ച് ഛത്തീസ്ഗഢ് രൂപീകരിച്ചപ്പോൾ ഏറ്റവും വലിയ സംസ്ഥാനമെന്ന പദവി മദ്ധ്യപ്രദേശിന് നഷ്ടമായി.
- രാജസ്ഥാന്റെ തലസ്ഥാനം - ജയ്പ്പൂർ
- ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനം ഗോവയാണ്.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമാണ് ഉത്തർപ്രദേശ്.
- ഇന്ത്യയിൽ വ്യാവസായിക വൽക്കരിക്കപ്പെട്ട ഏറ്റവും വലിയ സംസ്ഥാനമാണ് മഹാരാഷ്ട്ര.

57. ഉത്തരം നൽകിയിട്ടില്ല
- ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനൽ സി.ടി.വിയാണ് (1991).
- 1959 സെപ്തംബർ 15 നാണ് ടെലിവിഷൻ ശൃംഖല ഇന്ത്യയിൽ ആരംഭിച്ചത്.
- ബ്രിജേശ്വർ സിംഗ് പ്രസാർ ഭാരതിയുടെ ചെയർമാൻ.
- CNN - Cable News Network
- STAR - Satellite Television Asia Region Ltd

58. (b) കോട്ടയം
- 1816 ൽ ചർച്ച് മിഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് സി.എം.എസ്. കോളേജ് സ്ഥാപിച്ചു.
- 1818 ൽ ഡാസൻ മട്ടാഞ്ചേരിയിൽ സ്ഥാപിച്ചതാണ് കൊച്ചി സംസ്ഥാനത്തെ ആദ്യത്തെ സ്കൂൾ.
- കേരളാഹൈക്കോടതിയുടെ ആസ്ഥാനം എറണാകുളത്താണ്.

59. (d) കാവൻഡിഷ്
- പ്രപഞ്ചത്തിൽ ഏറ്റവും സുലഭമായ മൂലകം - ഹൈഡ്രജൻ.
- ഏറ്റവും ഭാരം കുറഞ്ഞതും ലഘുവായിട്ടുള്ളതുമായ മൂലകവും ഹൈഡ്രജനാണ്.
- ഓക്സിജൻ കണ്ടെത്തിയത് പ്രീസ്റ്റിലിയാണ്.
- ഉത്തോലകങ്ങളുടെ തത്വം കണ്ടെത്തിയ വ്യക്തിയാണ് ആർക്കിമെഡീസ്.

60. (a) മത്സ്യം
- ഒരു ഗ്രാം മാംസ്യത്തിൽ നിന്നും 4 കലോറി ഊർജ്ജം ലഭിക്കുന്നു.
- മാംസ്യത്തിന്റെ അഭാവം മൂലമുണ്ടാകുന്ന രോഗം - ക്വാഷിയോർക്കർ

61. (c) വലതു ഓറിക്കിൾ
- ഹൃദയത്തിന്റെ വലത്തേ അറകളിൽ അശുദ്ധരക്തവും ഇടത്തേ അറകളിൽ ശുദ്ധരക്തവുമാണുള്ളത്.
- ധമനികൾ ശുദ്ധരക്തം വഹിക്കുന്ന രക്തക്കുഴലുകളും സിരകൾ അശുദ്ധരക്തം വഹിക്കുന്ന രക്തക്കുഴലുകളുമാണ്.
- അശുദ്ധരക്തം വഹിക്കുന്ന ഏക ധമനി ശ്വാസകോശ ധമനിയും ശുദ്ധരക്തം വഹിക്കുന്ന ഏക സിര ശ്വാസകോശ സിരയും ആണ്.

62. (b) ഫോർമിക് ആസിഡ്
- രാസവസ്തുക്കളുടെ രാജാവ് എന്നറിയപ്പെടുന്ന അമ്ലം - സൾഫ്യൂറിക് ആസിഡ്

- നാരങ്ങയിൽ അടങ്ങിയിരിക്കുന്ന ആസിഡാണ് സിട്രിക് ആസിഡ്.
- വാളൻപുളിയിലുള്ള ആസിഡാണ് ടാർടാറിക് ആസിഡ്.
- മോരിൽ അടങ്ങിയിരിക്കുന്ന ആസിഡാണ് ലാക്ടിക് ആസിഡ്.
- വിനാഗിരിയിലുള്ള ആസിഡ് അസറ്റിക് ആസിഡാണ്.

63. (a) മുട്ടുചിരട്ട

64. (d) വില്ല്യം ഷേക്സ്പിയർ
- *ടിമ്പൺ ഓഫ് ഏതൻസിലേതാണ്* പറഞ്ഞവരികൾ.
- ഷേക്സ്പിയർ 37 നാടകങ്ങൾ രചിച്ചിട്ടുണ്ട്.
- *Henry VI* - First play
- *The Tempest* - Last play
- ഇന്ത്യൻ ഷേക്സ്പിയർ എന്നറിയപ്പെടുന്നത് കാളിദാസനാണ്.
- 'എന്റെ കാഴ്ചയിൽ സോക്രട്ടീസ് സുന്ദരനാണ് കാരണം അദ്ദേഹം സത്യസന്ധനായിരുന്നു' മഹാത്മാഗാന്ധിയുടെ പ്രസിദ്ധമായ ഉദ്ധരിയാണിത്.

65. (c) ചെസ്സ്
- 'ലിറ്റിൽസ്ലാം' എന്ന പദം ബ്രിഡ്ജ് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു.
- റ്റീ (Tee) എന്ന പദം ഗോൾഫുമായി ബന്ധപ്പെട്ടിരിക്കുന്നു.
- കാനൻ (Cannon) എന്ന പദം ബില്ല്യാർഡ്മായി ബന്ധപ്പെട്ടിരിക്കുന്നു.

66. (b) ടെന്നീസ്
- പ്രകാശ് പദുകോൺ, പി.ഗോപീചന്ദ് എന്നിവർ പ്രശസ്ത ബാഡ്മിന്റൺ കളിക്കാരാണ്.
- ആന്ദ്രേഅഗാസി, വീനസ് വില്ല്യംസ്, മോണിക്ക സെലസ് എന്നിവർ പ്രശസ്ത ടെന്നീസ് കളിക്കാരാണ്.
- സെബാസ്റ്റ്യൻ സേവ്യർ കേരളത്തിലെ പ്രശസ്ത അർജ്ജുനഅവാർഡ് ജേതാവായ നീന്തൽതാരമാണ്.

67. (d) 2001
- ജൂലൈ 21 ന്
- ഫ്രഞ്ച് ഗവൺമെന്റിന്റെ പുരസ്കാരമായ ഷെവ്ലിയർ അവാർഡ് നേടിയ ആദ്യ ഭാരതീയനാണ് ശിവാജിഗണേശൻ.

68. (c) റുഡ്യാർഡ് കിപ്ലിംഗ്
- പ്രധാനകൃതികൾ - *ജംഗിൾ ബുക്ക്, കിം* തുടങ്ങിയവ. *സംതിങ് ഓഫ് മൈ സാഫ്* - ആത്മകഥ.

69. (a) ലതാമങ്കേഷ്കർ
- 20 ഭാഷകളിലായി 30,000 ത്തിലധികം പാട്ടുകൾ.
- ആദ്യഗാനം - ആപ്കിസേവാരേ

70. (d) മാഡം ക്യൂറി
- 1903 ൽ ഫിസിക്സിലും 1911 ൽ കെമിസ്ട്രിയിലും നോബൽ സമ്മാനം ലഭിച്ചു.
- സി.വി.രാമന് നോബൽ സമ്മാനം ലഭിച്ച വർഷം 1930 ആണ്.
- ആൽബർട്ട് ഐൻസ്റ്റീന് നോബൽ സമ്മാനം ലഭിച്ച വർഷം 1921 ആണ്.

71. (a) withhold
disseminate = to spread widely

72. (c) yours

73. (b) when you are tired

74. (a) less
- little - less - least.
- few - fewer - fewerest
- *Little* is used in front of uncountable nouns while *few* is used before countable nouns.
- Don't use *lesser* because it is double comparative.

75. (c) expect

76. (c) rouse

77. (a) would write

78. (d) came around

79. (d) Posthumous

80. (a) stoic
- Stoicism (n)
  eg : Satan faced his fate
  with *stoicism*.

81. (b) working
- be + used to + ing

82. (c) aren't I

83. (d) give in - surrender

84. (c) were

85. (d) has been raining

86. (d) with convictions

87. (b) alternately
- alternate = ഒന്നിടവിട്ടുള്ള
- alternative - choice

88. (b) in

89. (a) intimacy

90. (c) do we visit
- If a sentence starts with, *hardly, scarcely, seldom, never no sooner* etc the auxilliary verb should come next to it.

91. (d) അയയ്ക്കപ്പെടൽ
- പ്രേഷകൻ - ദൂതൻ

92. (d) നല്ലയിനം ഇറച്ചികോഴികളെ വിൽക്കും.
- 'നല്ലയിനം ഇറച്ചിക്കോഴികളെ വിൽക്കപ്പെടും' എന്നാണ് നാം സാധാരണ കാണാറ്. അനാവശ്യമായ കർമ്മണിപ്രയോഗം ഒഴിവാക്കുകയാണ് ഭാഷയ്ക്ക് നന്ന്.

93. (a) ചട്ടപടി
94. (a) യാദൃശ്ചികം
95. (c) അടിമത്തം
96. (c) ആകാശക്കോട്ടകെട്ടുക
97. (d) സമൂഹത്തിൽ മാറിവരുന്ന മൂല്യവ്യവസ്ഥകളാണ് അടുത്തകാലത്തായി നമ്മെ ബാധച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നം.
98. (a) രാജ്യങ്ങൾക്കിടയിലുള്ള തർക്കം പരിഹരിച്ചില്ല.
99. (c) വിഘടനം
100. (a) ദയവായി ആശുപത്രി വരാന്തയിൽ കൂട്ടംകൂടി നിൽക്കരുത്.